I/554799/2023

"ഭരണഭാഷ – മാതൃഭാഷ"

**കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നടപടി ഉത്തരവ്**
**(ഹാജർ - ലാൽ കെ ഐ PEN: 592041)**

വിഷയം:- പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം – എൽ.പി /യു.പി വിഭാഗം അധ്യാപക ജീവനക്കാരുടെ 2023-24 വർ ഷത്തെ അന്തർ ജില്ലാ സ്ഥലംമാറ്റം – അന്തിമ സ്ഥലംമാറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/10/2023 ലെ എ1/11483/2023/ഡി ജി ഇ നമ്പർ സർക്കുലർ
2. അദ്ധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച സ്ഥലംമാറ്റ അപേക്ഷകൾ
3. ട്രാൻസ്ഫർ & പോസ്റ്റിഗ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായുള്ള സീനിയോരിറ്റി ലിസ്റ്റ്
4. 05/12/2023 ലെ ഈ ഓഫീസിലെ ഇതേ നമ്പർ താൽക്കാലിക സ്ഥലം മാറ്റ ഉത്തരവ്

**ഉത്തരവ് നമ്പർ : എ4/5182/2023/ഡി ഡി ഇ തീയതി : 19-12-2023**

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ എൽ.പി./യു.പി വിഭാഗം അദ്ധ്യാപകരുടെ 2023-24 അദ്ധ്യായന വർഷത്തെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം അദ്ധ്യാപകർ ഓൺലൈൻ മുഖേന പരാമർ ശം 2 ആയി സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് പരാമർശം (3 ) പ്രകാരം ട്രാൻസ്ഫർ & പോസ്റ്റിംഗ് വെബ് സൈറ്റിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. 2023-24 അദ്ധ്യയന വര്ഷത്തില് അധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്ക് പരാമർശം 3 പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ നിന്നും പരാമർശം 4 പ്രകാരം താൽ ക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അദ്ധ്യാപകർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No | Name | Designation | Parent School | Allotted School | Remarks |
|---|---|---|---|---|---|
| 1. | SINI K S | LPST | GUPS PUTHUR | GUPS ADINADU | GENERAL |
| 2. | NEENA WILLIAM | LPST | GUPS KARARA | GLPS KAMANKULANGARA | GENERAL |
| 3. | SUSAMMA VARGHESE | LPST | GVHSS VADAKKEDATHUCAVU | GHS THALACHIRA | GENERAL |
| 4. | SEEMA C S | LPST | NM LPS KALANJOOR | AGASTHYAKODU OLD LPS | GENERAL |
| 5. | SUNI M | LPST | GLPS KOODAL JN. | GWLPS AVANEESWARAM | GENERAL |
| 6. | GODWIN C J | LPST | GLPS PULLIKANAKKU | GLPS KAMANKULANGARA | GENERAL |

| | | | | | |
|---|---|---|---|---|---|
| 7. | SONIA V | LPST | GLPS KULATHUMON | GWLPS EAST MARANA DU | GENERAL |
| 8. | JEENA J | LPST | MODEL UPS PALLICKAL | GOVT NEW LPS PANT HAPLAVU | PRIORITY(14) |
| 9. | NISHA M V | LPST | GLPS PALAMEL | GWLPS PALLIKKAL EA ST | PRIORITY(18) |
| 10. | MINI R | UPST | GUPS KANIYAPURAM | GHS KULASEKHARAPU RAM | GENERAL |
| 11. | MAHESH M | UPST | GHS THARIODE | GHS POOYAPPALLY | GENERAL |
| 12. | SIVAPRASAD S | UPST | GTUPS KUMILY | GHS CHIRAKKARA | GENERAL |
| 13. | SINDHU S | UPST | GUPS KAYAMKULAM | GHS ERAVIPURAM THA TTAMALA | GENERAL |
| 14. | REENA N | UPST | GHS MADATHARAKANI | PUPS MYLAKKADU | PRIORITY(3) |
| **15.** | **MINUMOL C** | **UPST** | **GUPS ENATHU** | GUPS KALAIKKODU | GENERAL |
| 16. | NISA M A | UPST | GUPS PALLIKKAL | GHS BHOOTHAKKULA M | PRIORITY(13) |

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ചിരിക്കുന്ന അദ്ധ്യാപകരുടെ സർവ്വീസ് സീനിയോറിറ്റി കൊല്ലം ജില്ലയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. കൊല്ലം ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി അദ്ധ്യാപകർ ഈ ജില്ലയിലെ നിയമനം ലഭിക്കുന്ന തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുന്പ് മേൽ സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന ആഫീസ് മേധാവി മേലൊപ്പ് ചാർത്തി സേവന പുസ്തകത്തിൽ പതിപ്പിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. വകുപ്പുതല പൊതുസ്ഥലം മാറ്റത്തിന് വിധേയമായി അന്തർ ജില്ലാ സ്ഥലംമാറ്റ ഉത്തരവിൽ ആവശ്യമെങ്കില് ഭേദഗതി വരുത്തുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

അന്തർ ജില്ലാ സ്ഥലംമാറ്റ ഉത്തരവായിട്ടുള്ള അധ്യാപകർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമര്ശം 1 ലെ നിർ ദേശാനുസരണം 02/01/2024 നകം നിലവിൽ സേവനമനുഷ്ടിക്കുന്ന സ്കൂളിൽ നിന്നും വിടുതല് ചെയ്തു കൊല്ലം ജില്ലയില് ജോലിയില് പ്രവേശിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി സ്ഥലംമാറ്റ ഉത്തരവ് യാതൊരു മുന്നറിയിപ്പുമില്ലാതെ റദ്ദ് ചെയ്യുന്നതായിരിക്കും. മേൽ പറഞ്ഞ അധ്യാപകർ വിടുതൽ ചെയ്യുന്ന തിയതിയും ജോലിയില് പ്രവേശിക്കുന്ന തിയതിയും ഈ ഓഫീസില് അറിയിക്കേണ്ടതാണ്. പരാമർശം 2 പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയില് തെറ്റായ വിവരങ്ങള് ഉൾ പ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ചത് എന്ന് ബോധ്യപ്പെടുന്ന പക്ഷം നിലവിൽ ഉത്തരവായിട്ടുള്ള അന്തർ ജില്ലാ സ്ഥലംമാറ്റം പുനപരിശോധിക്കുന്നതായിരിക്കും.

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ 23/08/2012 ലെ സ.ഉ. (പി) 42/2012 ഉ.ഭ..പ.വ പ്രകാരം കൊല്ലം ജില്ലയിൽ പുതിയതായി നിരീക്ഷണ കാലയളവ് പൂർത്തീകരിക്കേണ്ടതാണ്. സർവ്വീസിൽ അഞ്ചു വർഷം പൂർത്തീകരിച്ചിട്ടില്ലാത്ത അദ്ധ്യാപകർക്ക് 23.04.2003 സ.ഉ. (എം.എസ്) നം.94/2003/പൊ.വി.വ. പ്രകാരമുള്ള സ്കൂളുകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിട്ടിട്ടുണ്ടെങ്കിൽ ടി അദ്ധ്യാപകർക്ക് കൊല്ലം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷത്തേയ്ക്ക് ഉത്തരവിൽ പറഞ്ഞിരിക്കുന്ന ഹിൽ/റിമോട്ട് സ്കൂളുകളിൽ മാത്രമേ സ്ഥലംമാറ്റത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. ആയതിനു വിരുദ്ധമായി ഓണ്ലൈന് മുഖാന്തിരം അധ്യാപക സ്ഥലംമാറ്റത്തിന് അപേക്ഷ സമര്പ്പിക്കുന്നവര്ക്കും ആയത് ശുപാർശ ചെയ്യുന്ന ഓഫീസ് തലവന്മാർക്കും എതിരേ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

I/554799/2023

Signed by
Lal K I
Date: 19-12-2023 23:57:58

വിദ്യാഭ്യാസ ഉപഡയറക്ടർ ,
കൊല്ലം

സ്വീകർത്താവ് :

ബന്ധപ്പെട്ട അധ്യാപകർ ( ഓൺലൈൻ മുഖേന)

പകർ പ്പ്

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ
3. ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മാർ
4. ബന്ധപ്പെട്ട പ്രധാനാധ്യപകർ
5. കരുതൽ ഫയൽ